**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 328** **17-03-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസിലെ അഴിമതി നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കുന്നതിന് വിജിലൻസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ തയ്യാറാക്കിയ പട്ടികയുടെ വിശദാംശം നൽകുമോ; | (എ) | ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം വിലയിരുത്തപ്പെടുമ്പോഴും എല്ലാ തലത്തിലുമുള്ള അഴിമതിയും ഇല്ലാതാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും എന്നതാണ് സർക്കാരിന്റെ സമീപനം .<br><br>വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്കിടയിൽ നിന്നും തുടർച്ചയായി പരാതികൾ വിജിലൻസിന് ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ പ്രത്യേകമായി നിരീക്ഷിച്ചുവരുന്നു. ഇത്തരത്തിൽ നിരീക്ഷണത്തിലുള്ള ഉദ്യോഗസ്ഥർ തുടർന്നും അഴിമതികൾ നടത്തുന്നതായുള്ള പരാതികൾ ലഭിക്കുന്നപക്ഷം അത്തരം പരാതികളെ കൂടുതൽ ഗൗരവത്തോടെ കാണുകയും വിവരങ്ങൾ സൂക്ഷിക്കുന്നതിനായി 'Suspect Officer Service Sheet ‘ സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്.<br><br>ഇപ്രകാരം നിരീക്ഷണത്തിലുള്ള ഉദ്യോഗസ്ഥൻ തുടർ അഴിമതി നടത്തുന്നതായി വെളിപ്പെടുന്ന പക്ഷം ട്രാപ്പ് അടക്കമുള്ള അഴിമതി നിരോധന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | പട്ടികയിൽ ഉൾപ്പെട്ടവരെ നിരന്തരം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | (ബി) | ഇന്ത്യയിൽ ഏറ്റവും അഴിമതി കുറഞ്ഞ സംസ്ഥാനമായി കേരളം വിലയിരുത്തപ്പെടുമ്പോഴും എല്ലാ തലത്തിലുമുള്ള അഴിമതിയും ഇല്ലാതാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കും എന്നതാണ് സർക്കാരിന്റെ സമീപനം .<br><br>വിജിലൻസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്കിടയിൽ നിന്നും തുടർച്ചയായി പരാതികൾ വിജിലൻസിന് ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ പ്രത്യേകമായി നിരീക്ഷിച്ചുവരുന്നു. ഇത്തരത്തിൽ നിരീക്ഷണത്തിലുള്ള ഉദ്യോഗസ്ഥർ തുടർന്നും അഴിമതികൾ നടത്തുന്നതായുള്ള പരാതികൾ ലഭിക്കുന്നപക്ഷം അത്തരം പരാതികളെ കൂടുതൽ ഗൗരവത്തോടെ കാണുകയും വിവരങ്ങൾ സൂക്ഷിക്കുന്നതിനായി 'Suspect Officer Service Sheet ‘ സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്.<br><br>ഇപ്രകാരം നിരീക്ഷണത്തിലുള്ള ഉദ്യോഗസ്ഥൻ തുടർ അഴിമതി നടത്തുന്നതായി വെളിപ്പെടുന്ന പക്ഷം ട്രാപ്പ് അടക്കമുള്ള അഴിമതി നിരോധന നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ